بسم الله الرحمن الرحيم

- മനുഷ്യ ജീവിതം പരിശോധിച്ചാൽ പല തരത്തിലുള്ളവരെ കാണാൻ കഴിയും.
- മാനസിക പ്രയാസങ്ങൾ അനുഭവിക്കുന്ന ഒരു വിഭാഗം.
- മനസ്സമാധനത്തോടെ ജീവിക്കുന്ന മറ്റൊരു വിഭാഗം.
- ഇവരുടെ മനസ്സമാധനത്തിന്റെ കാരണം ഇവർ അല്ലാഹുവിലേക്ക് തൌബ ചെയ്തു മടങ്ങുന്നവരും തവക്കുൽ ബോധമുള്ളവരുമാണ്.
- തൌബ ഒരു ആസ്വാദനമാണ്. തൌബ ചെയ്യുന്നവർക്ക് എപ്പോഴും മനസ്സമാധാനം ഉണ്ടാവും.
- മനുഷ്യരെ തിന്മ ചെയ്യുന്ന പ്രകൃതയിൽ സൃഷ്ടിച്ച എന്നുള്ളത് അല്ലാഹുവിന്റെ ഒരു ഹിക്മത്താണ്.
- തിന്മ ചെയ്യുന്നവരിൽ തൌബ ചെയ്യുന്നവരുടെ തൌബ അല്ലാഹു സ്വീകരിക്കുകയും തെറ്റിൽ തന്നെ ഉറച്ച നിൽക്കുന്നവരെ ആക്ഷേപിക്കുകയും ചെയ്യുന്നുണ്ട്.

إِلَّا مَنْ تَابَ وَآمَنَ وَعَمِلَ عَمَلًا صَالِحًا فَأُولَئِكَ يُبَدِّلُ اللَّهُ سَيِّئَاتِهِمْ حَسَنَاتٍ وَكَانَ اللَّهُ غَفُورًا رَحِيمًا (الفرقان:٧٠)

**1. തെറ്റിൽ ഉറച്ച നിൽക്കുക എന്നത് ആക്ഷേപാർഹമായ സ്വഭാവമാണ്.**

وَإِذَا تُتْلَىٰ عَلَيْهِ آيَاتُنَا وَلَّىٰ مُسْتَكْبِرًا كَأَن لَّمْ يَسْمَعْهَا كَأَنَّ فِي أُذُنَيْهِ وَقْرًا فَبَشِّرْهُ بِعَذَابٍ أَلِيمٍ ﴿القمان: ٧﴾

- **ഇടതു കൈ കൊണ്ട് ഭക്ഷണം കഴിച്ച വ്യക്തി.**

عن سلمة بن الأكوع قال: أكَلَ رَجُلًا عِنْدَ النّبيِّ - ﷺ - بِشِمالِهِ، فَقالَ لَهُ: كُلْ بِيَمِينِكَ، فَقالَ: لا أسْتَطِيعُ، ما مَنَعَهُ إلاَّ الكِبْرُ فَقالَ - ﷺ: «لا اسْتَطَعْتَ»، فَما رَفَعَها إلى فِيهِ بَعْدُ ذَلِكَ. (مسلم)

- അഹങ്കാരികളുടെ സ്വഭവമാണ് തെറ്റിൽ ഉറച്ച നിൽക്കുക എന്നത്.
- അവർ അവരുടെ തെറ്റ് അംഗീകരിക്കില്ല.

وَإِذَا قِيلَ لَهُ اتَّقِ اللَّهَ أَخَذَتْهُ الْعِزَّةُ بِالْإِثْمِ فَحَسْبُهُ جَهَنَّمُ وَلَبِئْسَ الْمِهَادُ ﴿٢٠٦﴾

- **പാപത്തിൽ ഉറച്ച നിന്നവനാണ് ഇബ്ലീസ്.**
- മലക്കുകൾ സുജൂദ് ചെയ്തു.
- **മനുഷ്യർ സുജൂദ് ചെയ്യുന്നതു കാണുമ്പോൾ പിശാച് പറയുന്നത്.**

عَنْ أَبِي هُرَيْرَةَ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : إِذَا قَرَأَ ابْنُ آدَمَ السَّجْدَةَ فَسَجَدَ اعْتَزَلَ الشَّيْطَانُ يَبْكِي يَقُولُ يَا وَيْلَهُ – وَفِي رِوَايَةِ أَبِي كُرَيْبٍ يَا وَيْلِي – أُمِرَ ابْنُ آدَمَ بِالسُّجُودِ فَسَجَدَ فَلَهُ الْجَنَّةُ وَأُمِرْتُ بِالسُّجُودِ فَأَبَيْتُ فَلِيَ النَّارُ

അബൂഹുറൈറയിൽ (റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: മനുഷ്യൻ സുജൂദ് ചെയ്യേണ്ട ആയത്ത് പാരായണം ചെയ്താൽ അവൻ സുജൂദ് ചെയ്യുന്നു. അപ്പോൾ പിശാച് കരഞ്ഞുകൊണ്ട് പിൻവാങ്ങും. എന്നിട്ട് പറയും: എന്റെ നാശം. അബൂകുറയ്ബിന്റെ റിപ്പോർട്ടിൽ ഇപ്രകാരമാണുള്ളത്: എന്റെ നാശമേ, മനുഷ്യനോട് സുജൂദ് ചെയ്യാൻ കൽപ്പിക്കുകയും അവൻ സുജൂദ് ചെയ്യുകയും ചെയ്തു. അവന് സ്വർഗമുണ്ട്. ഞാൻ സുജൂദ് കൊണ്ട് കൽപ്പിക്കപ്പെട്ടു. ഞാൻ വിസമ്മതിക്കുകയാണ് ചെയ്തത്. അതുകൊണ്ട് എനിക്ക് നരകവും. (മുസ്ലിം)

**2. തെറ്റിൽ ഉറച്ച നിൽക്കുന്നവർക്ക് മോശമായ പര്യവസാനം ഉണ്ട്.**

- ആദ് ജനത തങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിച്ചു.

وَتِلْكَ عَادٌ ۖ جَحَدُوا بِآيَاتِ رَبِّهِمْ وَعَصَوْا رُسُلَهُ وَاتَّبَعُوا أَمْرَ كُلِّ جَبَّارٍ عَنِيدٍ ﴿٥٩﴾

**3. തെറ്റിൽ ഉറച്ച നിൽക്കുക എന്നത് വൻപാപമാണ്.**

ഒരാൾ പാപത്തിൽ ഉറച്ച നിൽക്കുകയാണെങ്കിൽ (അത് ചെറിയ പാപമാണെങ്കിലും) അതിന് വൻ പാപത്തിന്റെ വിധിയാണ്.

അപ്പോൾ വൻ പാപത്തിൽ ഉറച്ച നിൽക്കുന്ന വന്റെ അവസ്ഥ എന്തായിരിക്കും?

- അതു കൊണ്ട് തെറ്റുകളെ നിസാരമായി കാണരുത്.
- നമുക്ക് ചെറുതായി തോന്നുന്ന ഒരു തിൻമയെയും നിസ്സാരമായി കാണാൻ പാടില്ല. വൻപാപങ്ങൾ വന്നുപോകാതിരിക്കാൻ ശ്രദ്ധിക്കാറുള്ളതു പോലെ തന്നെ ചെറിയ പാപങ്ങൾ വന്നുപോകാതിരിക്കാനും നാം ശ്രദ്ധിക്കേണ്ടതുണ്ട്.
- **സലഫുകൾ പാപത്തെ കണ്ടത്.**

عَنْ سَهْلِ بْنِ سَعْدٍ رضي الله عنه قَالَ: قَالَ رَسُولُ اللهِ صلَّى اللهُ عليه وسلَّم: إِيَّاكُمْ وَمُحَقَّرَاتِ الذُّنُوبِ فَإِنَّمَا مَثَلُ مُحَقَّرَاتِ الذُّنُوبِ كَقَوْمٍ نَزَلُوا فِي بَطْنِ وَادٍ، فَجَاءَ ذَا بِعُودٍ، وَجَاءَ ذَا بِعُودٍ حَتَّى أَنْضَجُوا خُبْزَتَهُمْ، وَإِنَّ مُحَقَّرَاتِ الذُّنُوبِ مَتَى يُؤْخَذْ بِهَا صَاحِبُهَا تُهْلِكْهُ

സഹ്ലിബ്നു സഅ്ദിൽ (റ) നിന്ന് നിവേദനം:നബി (ﷺ) പറഞ്ഞു: നിസ്സാരവൽക്കരിക്കപ്പെടുന്ന (ചെറിയ) തിന്മകളെ നിങ്ങൾ സൂക്ഷിക്കുക. അവയുടെ ഉപമ ഒരു കൂട്ടമാളുകളെ പോലെയാണ്. അവരൊരു താഴ്വാരത്തിൽ ഇറങ്ങി. അതിലൊരാൾ ഒരു ചെറിയ കമ്പുമായി വന്നു. മറ്റൊരാൾ വേറൊരു വിറക് കൊള്ളിയുമായി വന്നു. അങ്ങനെ (ഒരുമിച്ച് കൂട്ടിയ വിറകുകൾ കൊണ്ട്) അവർ തങ്ങളുടെ ഭക്ഷണം വേവിച്ചു. (ചെറുപാപങ്ങളെ നിങ്ങൾ സൂക്ഷിക്കുക) നിശ്ചയം ചെറുപാപങ്ങൾ കാരണത്താൽ ഒരാൾ എപ്പോഴാണോ പിടികൂടുന്നത് അപ്പോൾ അവ അയാളെ നശിപ്പിക്കും. (അഹ്മദ്)

عَنْ أَنَسٍ ـ رضى الله عنه ـ قَالَ إِنَّكُمْ لَتَعْمَلُونَ أَعْمَالاً هِيَ أَدَقُّ فِي أَعْيُنِكُمْ مِنَ الشَّعَرِ، إِنْ كُنَّا نَعُدُّهَا عَلَى عَهْدِ النَّبِيِّ صلى الله عليه وسلم الْمُوبِقَاتِ

അനസിൽ (റ) നിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: നിശ്ചയം നിങ്ങൾ ചില പ്രവർത്തനങ്ങൾ ചെയ്യുന്നു. അത് നിങ്ങളുടെ കണ്ണിൽ ഒരു രോമത്തേക്കാൾ വളരെ ലോലമാണ്. നബി (ﷺ) യുടെ കാലഘട്ടത്തിൽ (സൽകർമ്മങ്ങളെ) നശിപ്പിച്ചുകളയുന്ന വൻപാപ മായിട്ടാണ് ഞങ്ങൾ അവയെ കണ്ടിരുന്നത്. (ബുഖാരി)

### 4. തെറ്റിൽ ഉറച്ച നിൽക്കുന്നതിനെ നബി (സ്വ) താക്കീത് നൽകി.

عَنْ عَبْدِ اللَّهِ بْنِ عَمْرِو ابْنِ العاصِ، عَنِ النَّبِيِّ ﷺ أَنَّهُ قالَ وهُوَ عَلَى المِنبَرِ: ارْحَمُوا تُرْحَمُوا، واغْفِرُوا يَغْفِرِ اللَّهُ لَكُمْ، ويْلٌ لأقْماعِ القَوْلِ، ويْلٌ لِلْمُصِرِّينَ الَّذِينَ يُصِرُّونَ عَلى ما فَعَلُوا، وهُمْ يَعْلَمُونَ.

നിങ്ങൾ കരുണ കാണിക്കുക, നിങ്ങൾക്ക് അല്ലാഹവിന്റെ കാരുണ്യം ലഭിക്കും. നിങ്ങൾ പൊറുത്തു കൊടുക്കുക, അല്ലാഹു നിങ്ങൾക്ക് പൊറുത്തു തരും. വാക്കുകൾ കേൾക്കുകയും എന്നാൽ അതിൽ നിന്നും ഗുണപാഠം ഉൾക്കൊള്ളാതിരിക്കുകയും ചെയ്യുന്നവർക്ക് നാശം. അറിഞ്ഞു കൊണ്ട് തെറ്റിൽ ഉറച്ച നിൽക്കുന്നവർക്ക് നാശം. (അഹ്മദ്)

### 5. തെറ്റിൽ ഉറച്ച നിന്നാൽ സൽകർമ്മങ്ങളോട് വിരക്തി അനുഭവപ്പെടും.

തെറ്റിൽ ഉറച്ച നിൽക്കുന്നവർ ഇനിയും സമയമുണ്ടല്ലോ എന്ന് ചിന്തിക്കും. തെറ്റുകളെ അവർ നിസാരമായി കാണും.

യഹ് യ ബ്ന മുആദ് (റ) പറഞ്ഞു; തൌബയിൽനിന്നും ജനങ്ങളെ തടയുന്നത് ഇനിയും സമയമുണ്ടല്ലോ എന്ന ചിന്തയാണ്. തൌബ ചെയ്യുന്നവൻ കണ്ണുനീർ ഒഴുക്കുകയും ആത്മ വിചാരണ നടത്തുകയും ചെയ്യും.

**6. തെറ്റിൽ ഉറച്ച നിൽക്കുന്നവർ നബി ചര്യക്ക് എതിരു നിൽക്കുന്നവർ.**

തെറ്റിൽ ഉറച്ച നിൽക്കുന്നവർ നബി (സ്വ) യുടെ മാതൃകയിൽ നിന്നും ഒരുപാട് അകലെയാണ്.

فَقالَ أعْرابِيٌّ: ما هَذِهِ الجِلْسَةُ؟ قالَ النَّبِيُّ صَلّى اللهُ عَلَيْهِ وعَلى آلِهِ وسَلَّمَ: إنَّ اللهَ جَعَلَنِي عَبْدًا كَرِيمًا، ولَمْ يَجْعَلْنِي جَبّارًا عَنِيدًا

അബ്ദുല്ലാഹിബ്നു ബസ്വർ (റ) പറയുന്നു. ഞാൻ നബി (സ്വ) ക്ക് ഒരു ആടിനെ സമ്മാനിച്ചു. അപ്പോൾ അദ്ദേഹം ദരിദ്രന്മാർ ഭക്ഷണം കഴിക്കുന്നതു പോലെ നിലത്തു മുട്ടുകുത്തി യിരുന്നു. അപ്പോൾ ഒരു അഅ്റാബി ചോദിച്ചു; ഇത് എന്തൊരു ഇരുത്തമാണ്. അദ്ദേഹം പറഞ്ഞു; എന്നെ അല്ലാഹു മാന്യനായ അടിമയായിക്കിയിരിക്കുന്നു. അവൻ എന്നെ മർക്കടമുഷ്ടിക്കാരനും ക്രൂരനുമാക്കിയിട്ടില്ല.

- തെറ്റ് സംഭവിച്ചാൽ തൌബ ചെയ്യുക
- ആദം നബി (അ) ചെയ്തു പോലെ.
- തെറ്റിൽ ഉറച്ച നിൽക്കാതിരിക്കുക.
- അല്ലാഹു മുത്തഖീങ്ങളുടെ ഗുണമായി പറഞ്ഞത്.

وَالَّذِينَ إِذَا فَعَلُوا فَاحِشَةً أَوْ ظَلَمُوا أَنفُسَهُمْ ذَكَرُوا اللَّهَ فَاسْتَغْفَرُوا لِذُنُوبِهِمْ وَمَن يَغْفِرُ الذُّنُوبَ إِلَّا اللَّهُ وَلَمْ يُصِرُّوا عَلَىٰ مَا فَعَلُوا وَهُمْ يَعْلَمُونَ ﴿آل عمران: ١٣٥﴾

---

- **ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സ്സാപ്പ് മെസേജ് അയക്കുക.**
- **ഖുത്തുബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:**

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

- **ഇതു വരെയുള്ള എല്ലാ ഖുത്തുബകളും ലഭിക്കാൻ ടെലിഗ്രാം ചാനലിൽ അംഗമാവുക.**

https://t.me/joinchat/ScQonQalrhJoZcA_